(സി) വിഴിഞ്ഞം–പൂവാർ റോഡ് ടാർ ഇടുന്നതിനുള്ള എസ്റ്റിമേറ്റ് തയാറായിട്ടുണ്ടോ ;

(ഡി) ആ ജോലി തുടങ്ങാൻ താമസിക്കുന്നതെന്തുകൊണ്ട്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) തിരുവനന്തപുരം–കന്യാകുമാരി റോഡ്.

(ബി) ഉണ്ട്.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഡി) ഈ ജോലി ആവുന്ന വേഗത്തിൽ തുടങ്ങുന്നതാണ്.

കൃഷിഡിപ്പാർട്ട്മെൻറിലെ മാക്കറിംഗ് സെക്ഷൻ.

* 492. [26] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഡിപ്പാർട്ടുമെൻറിലെ മാക്കറിംഗ് സെക്ഷൻ ഇപ്പോൾ പ്രവർത്തനം നടത്തിവരുന്നുണ്ടോ ;

(ബി) മാക്കറിംഗ് സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ടുകൾ ഗവണ്മെൻറിനു ലഭിക്കുന്നുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ട്.

(ബി) ഉണ്ട്.

ആശുപത്രികളിലെ എക്സ്റേ ഉപകരണങ്ങൾ.

* 493. [28] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര ആശുപത്രികളിൽ എക്സ്റേ ഉപകരണങ്ങളുണ്ട് ;

(ബി) ഇക്കൊല്ലം കൂടുതലായി എക്സ്റേ ഉപകരണങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എവിടെയൊക്കെയാണ്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) പതിനാലു് ആശുപത്രികളിൽ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കാർഷിക സഹകരണസംഘങ്ങൾ.

* 494. [29] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ആണ്ടിൽ സംസ്ഥാനത്തുള്ള എത്ര കാർഷിക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ സഹകരണസംഘങ്ങളുടെ പ്രവർത്തനംകൊണ്ട് കൃഷിക്കാർക്ക് എന്തെല്ലാം സൗകര്യങ്ങൾ ഉടനെ പ്രതീക്ഷിക്കാം;

(സി) പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഗവണ്മെന്റിൽ നിന്ന് ഈ വർഷത്തിൽ എത്ര തുക വിനിയോഗിക്കുന്നുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഈ ആണ്ടിൽ സംസ്ഥാനത്ത് ഏഴ് കാർഷിക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 1. മെംബറന്മാരുടെ കൃഷിസ്ഥലങ്ങൾ ഒന്നിച്ചുചേർത്ത് കൂട്ടുകൃഷിസമ്പ്രദായത്തിൽ കൃഷിചെയ്യുക.

2. ഭൂമി പാട്ടത്തിനോ, വിലയ്ക്കോ വാങ്ങി കൃഷിനടത്തുക.

3. ശാസ്ത്രീയമായ രീതിയിൽ കൃഷിനടത്തുക.

4. കൃഷിക്കാർക്ക് ആവശ്യമുള്ള വിത്ത്, വളം, മറ്റു കാർഷികോപകരണങ്ങൾ ഇവ മൊത്തമായി വാങ്ങി അംഗങ്ങൾക്കു വിതരണം ചെയ്യുക.

5. അംഗങ്ങളുടെ ഉൽപ്പന്നങ്ങൾ സംഘം ശേഖരിച്ച് വില്പന നടത്തുകയും, ഉൽപ്പന്നങ്ങളുടെ ഉറപ്പിന്മേലും മറ്റും അംഗങ്ങൾക്ക് കൃഷിയാവശ്യത്തിലേയ്ക്ക് കടം കൊടുക്കുകയും ചെയ്യുക. പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനംകൊണ്ട് കർഷകർക്ക് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ഉടനെ പ്രതീക്ഷിക്കാം. കൂടാതെ സംഘത്തെ ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ സംഘത്തിനു 100 രൂപ പ്രതിമാസശമ്പളത്തിൽ ഒരു സെക്രട്ടറിയുടെ സേവനവും ആണ്ടേയ്ക്ക് 2000 രൂപ ഗ്രാൻറും ലഭിക്കുന്നതുമാണ്.

(സി) 1955-56-ൽ ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫാർമിംഗ് സംഘങ്ങളുടെ പ്രവർത്തനത്തെ സഹായിക്കുന്നതിനായി അനുപതിനായിരത്തിമുന്നൂറു രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

മരച്ചീനി സഹകരണസംഘങ്ങൾ.

* 495. [30] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ആഗസ്റ്റ് 31-ാംതീയതി വരെ എത്ര മരച്ചീനി കർഷകസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ ഓരോന്നിലും എത്രവീതം രജിസ്റ്റർ ആക്കപ്പെട്ടിട്ടുണ്ട്;

(സി) മരച്ചീനി കർഷകസഹകരണസംഘങ്ങൾക്കുവേണ്ടിയുള്ള എത്ര അപേക്ഷകൾ ഗവണ്മെൻറിലേയ്ക്ക് ലഭിച്ചിട്ടുണ്ട്;

(ഡി) ഒരു സ്ഥലത്തുനിന്നു ഒന്നിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകാരം നൽകുന്ന സംഘമേതായിരിക്കണമെന്നു നിശ്ചയിക്കുന്നതിൽ അവലംബിക്കുന്ന തത്വമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly